# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

**കെ. എൻ. വേണുഗോപാലൻ കർത്ത**
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: **0481- 2731020, 2732650,**
മൊബൈൽ: **9846720402**

പി.ആർ.ഒ/36/51/2018 2018 മാർച്ച് 8

## പത്രക്കുറിപ്പ്

### എൽ.എൽ.ബി. പരീക്ഷ മാറ്റി

അഫിലയേറ്റഡ് കോളേജുകളിൽ മാർച്ച് 9, 12 തീയതികളിൽ നടത്താൻ നിശ്ചയിച്ചിരുന്ന രണ്ടാം സെമസ്റ്റർ എൽ.എൽ.ബി. പരീക്ഷയും, മാർച്ച് 16 മുതൽ നിശ്ചയിച്ചിരുന്ന എട്ടാം സെമസ്റ്റർ എൽ.എൽ.ബി. പരീക്ഷയും മാറ്റിവച്ചു. പുതുക്കിയ തീയതി പിന്നീട്.

### പ്രാക്ടിക്കൽ

2018 ജനുവരിയിൽ തൃപ്പൂണിത്തുറ ആർ.എൽ.വി. കോളേജിൽ നടത്തിയ ഒന്നാം സെമസ്റ്റർ ബി.എ. (സി.ബി.സി.എസ്. റഗുലർ/സി.ബി.സി.എസ്.എസ്. സപ്ലിമെന്ററി) കഥകളി ചെണ്ട, കഥകളി മദ്ദളം പ്രാക്ടിക്കൽ പരീക്ഷകൾ മാർച്ച് 15 മുതൽ 16 വരെയും മ്യൂസിക്, വയലിൻ, വീണ പ്രാക്ടിക്കൽ പരീക്ഷകൾ മാർച്ച് 19 മുതൽ 23 വരെയും തൃപ്പൂണിത്തുറ ആർ.എൽ.വി. കോളേജിൽ വച്ച് നടത്തും. വിശദമായ ടൈംടേബിൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

നാലാം സെമസ്റ്റർ ബി.എഡ്. (റഗുലർ/സപ്ലിമെന്ററി) മാർച്ച് 2018 പരീക്ഷയുടെ പ്രാക്ടിക്കൽ മാർച്ച് 14 മുതൽ 27 വരെ സർവ്വകലാശാലയുടെ വിവിധ കേന്ദ്രങ്ങളിലായി നടത്തുന്നതാണ്. വിശദമായ ടൈംടേബിൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

2018 ഫെബ്രുവരിയിൽ നടത്തിയ ഒന്നാം സെമസ്റ്റർ എം.എസ്.സി. ബോട്ടണി (സി.എസ്.എസ്. റഗുലർ) പരീക്ഷയുടെ പ്രാക്ടിക്കൽ മാർച്ച് 19 മുതൽ ബന്ധപ്പെട്ട കേന്ദ്രങ്ങളിൽ നടത്തും. ഇതുമായി ബന്ധപ്പെട്ട ഓൾ എക്സാമിനേഴ്സ് ബോർഡ് മീറ്റിംഗ് മാർച്ച് 15ന് രാവിലെ 11 മണിക്ക് സ്കൂൾ ഓഫ് എൻവയോൺമെന്റൽ സയൻസസിലെ 304-ാം നമ്പർ മുറിയിൽ വച്ച് നടത്തുന്നതാണ്.

### അപേക്ഷാ തീയതി

നാലാം സെമസ്റ്റർ എം.ടെക് (2013 മുതൽ അഡ്മിഷൻ സപ്ലിമെന്ററി, 2012 അഡ്മിഷൻ മേഴ്സി ചാൻസ്) പരീക്ഷയുടെ വൈവാവോസിക്കും തീസിസ് മൂല്യനിർണ്ണയത്തിനുമുള്ള അപേക്ഷകൾ പിഴയില്ലാതെ മാർച്ച് 22 വരെയും 50 രൂപ പിഴയോടെ 24 വരെയും 500 രൂപ സൂപ്പർഫൈനോടെ 27 വരെയും സ്വീകരിക്കും. മേഴ്സി ചാൻസ് പരീക്ഷയ്ക്ക് ആദ്യമായി അപേക്ഷിക്കുന്നവർ 5000 രൂപയും രണ്ടാം പ്രാവശ്യം അപേക്ഷിക്കുന്നവർ 7000 രൂപയും അവസാന മേഴ്സി ചാൻസ് അപേക്ഷയ്ക്ക് 10000 രൂപയും സ്പെഷ്യൽ ഫീസായി നിശ്ചിത പരീക്ഷാഫീസിനു പുറമെ അടയ്ക്കണം.

### പരീക്ഷാഫലം

2017 ഫെബ്രുവരിയിൽ നടത്തിയ മൂന്നാം സെമസ്റ്റർ എം.എസ്.സി. മൈക്രോ ബയോളജി (നോൺ സി.എസ്.എസ്., സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും മാർച്ച് 20 വരെ അപേക്ഷിക്കാം.

2017 ജൂൺ മാസത്തിൽ നടത്തിയ ഒന്നാം സെമസ്റ്റർ എം.എസ്.സി. ഹോം സയൻസ് - കമ്മ്യൂണിറ്റി ആന്റ് ഫാമിലി സയൻസ്, ഡയറ്ററ്റിക്സ് ആന്റ് ഫുഡ് സർവ്വീസ് മാനേജ്മെന്റ് (സപ്ലിമെന്ററി) പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും മാർച്ച് 19 വരെ അപേക്ഷിക്കാം.

2017 ജൂൺ മാസത്തിൽ നടത്തിയ ഒന്നാം സെമസ്റ്റർ എം.എ. പൊളിറ്റിക്കൽ സയൻസ് (സി.എസ്.എസ്. - ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും മാർച്ച് 20 വരെ അപേക്ഷിക്കാം.

2017 നവംബറിൽ നടത്തിയ ആറാം സെമസ്റ്റർ മാസ്റ്റർ ഓഫ് സയൻസ് മെഡിക്കൽ ബയോ

കെമിസ്ട്രി (റഗുലർ/സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. ഗാന്ധിനഗർ സ്കൂൾ ഓഫ് മെഡിക്കൽ എജ്യൂക്കേഷനിലെ ബീന ടി.ബി., മേരി പ്രിയ എം., അശ്വതി ആർ. നായർ എന്നിവർ യഥാക്രമം ഒന്നും രണ്ടും മൂന്നും റാങ്കുകൾ നേടി. സൂക്ഷ്മപരിശോധനയ്ക്ക് മാർച്ച് 20 വരെ അപേക്ഷിക്കാം.

2017 ജൂൺ മാസത്തിൽ നടത്തിയ ഒന്നാം സെമസ്റ്റർ എം.എസ്.സി. ഹോട്ടൽ മാനേജ്മെന്റ് ആന്റ് ടൂറിസം (പി.ജി.സി.എസ്.എസ്.) പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും മാർച്ച് 15 വരെ അപേക്ഷിക്കാം.

2017 ജൂലൈ മാസത്തിൽ സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം.എസ്.സി. സൈക്കോളജി (സി.എസ്.എസ്.) പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി.

## ഫിസിക്സ് ശില്പശാല

മഹാത്മാഗാന്ധി സർവ്വകലാശാലാ സ്കൂൾ ഓഫ് പ്യുവർ ആന്റ് അപ്ലൈഡ് ഫിസിക്സിൽ മാർച്ച് 16 മുതൽ സ്റ്റാറ്റിസ്റ്റിക്കൽ മെതേഡ്സ് ഫോർ ഫിസിക്സ് എന്ന വിഷയത്തിൽ ത്രിദിന ശില്പശാല നടത്തും. ഫിസിക്സുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ പി.ജി. വിദ്യാർത്ഥികൾക്കും ഗവേഷണത്തിന്റെ ആരംഭഘട്ടത്തിലുള്ളവർക്കും താല്പര്യമുള്ള ബിരുദവിദ്യാർത്ഥികൾക്കും പങ്കെടുക്കാം. വിവരങ്ങൾക്ക് ഇമെയിൽ: indulekha@mgu.ac.in, വെബ്സൈറ്റ് : www.mgu.ac.in

## പൂർവ്വവിദ്യാർത്ഥി സംഗമം

മഹാത്മാഗാന്ധി സർവ്വകലാശാലാ സ്കൂൾ ഓഫ് മാനേജ്മെന്റ് ആന്റ് ബിസിനസ് സ്റ്റഡീസിലെ പൂർവ്വവിദ്യാർത്ഥി സംഗമം മാർച്ച് 10ന് രാവിലെ 9.30 മുതൽ വൈകീട്ട് 5 വരെ ഡിപ്പാർട്ട്മെന്റ് ഓഡിറ്റോറിയത്തിൽ വച്ച് നടത്തുന്നതാണ്. വിവരങ്ങൾക്ക് ഫോൺ: 9446224240, 9605796077.

## ബി.എഡ്. മൂല്യനിർണ്ണയം

മൂന്നാം സെമസ്റ്റർ ബി.എഡ്. പരീക്ഷയുടെ ഉത്തരക്കടലാസുകളുടെ മൂല്യനിർണ്ണയത്തിന് നിയമന ഉത്തരവ് ലഭിച്ച കോട്ടയം മേഖലയിലെ അദ്ധ്യാപകർ മാർച്ച് 12, 13, 14 തീയതികളിൽ കോട്ടയം കഞ്ഞിക്കുഴി മൗണ്ട് കാർമൽ ട്രെയിനിംഗ് കോളേജിലും, എറണാകുളം മേഖലയിലെ അദ്ധ്യാപകർ മാർച്ച് 22, 23, 24 തീയതികളിൽ എറണാകുളം സെന്റ് ജോസഫ് ട്രെയിനിംഗ് കോളേജിലും മൂല്യനിർണ്ണയത്തിനായി ഹാജരാകണം.

## ബി.കോം മൂല്യനിർണ്ണയം

ഒന്നും രണ്ടും സെമസ്റ്റർ ബി.കോം. (പ്രൈവറ്റ് രജിസ്ട്രേഷൻ) ഒക്ടോബർ/നവംബർ 2017 പരീക്ഷയുടെ ഉത്തരക്കടലാസ് മൂല്യനിർണ്ണയത്തിന് ഉത്തരവ് ലഭിച്ച ആലുവ മേഖലയിലെ അദ്ധ്യാപകർ ഇന്ന് (മാർച്ച് 9) ആലുവ യു.സി. കോളേജിലുള്ള വിതരണ ക്യാമ്പിൽ നിന്നും ഉത്തരക്കടലാസുകൾ കൈപ്പറ്റേണ്ടതാണ്.

## ത്രിദിന അന്തർദ്ദേശീയ കോൺഫറൻസ് ഇന്ന് (മാർച്ച് 9) മുതൽ

മഹാത്മാഗാന്ധി സർവ്വകലാശാലാ ഇന്റർനാഷണൽ ആന്റ് ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ നാനോ സയൻസ് ആന്റ് നാനോ ടെക്നോളജിയുടെ ആഭിമുഖ്യത്തിൽ 'ഇന്റർനാഷണൽ കോൺഫറൻസ് ഓൺ റീയൂസ് ആന്റ് റീസൈക്ലിംഗ്' എന്ന പേരിൽ ത്രിദിന അന്താരാഷ്ട്ര കോൺഫറൻസ് ഇന്ന് (മാർച്ച് 9) മുതൽ സ്കൂൾ ഓഫ് കെമിക്കൽ സയൻസ് ഓഡിറ്റോറിയത്തിൽ ആരംഭിക്കും. പദാർത്ഥങ്ങളുടെ പുനരുപയോഗത്തെയും, റീസൈക്ലിംഗിനെയും ആധാരമാക്കി നടത്തുന്ന കോൺഫറൻസിൽ പ്രശസ്ത ശാസ്ത്രജ്ഞർ പങ്കെടുക്കും. മുഖ്യ പ്രഭാഷണങ്ങൾ, പോസ്റ്റർ പ്രദർശനങ്ങൾ, ബ്രെയിൻ സ്റ്റോമിംഗ് സെഷനുകൾ, അക്കാദമി-വ്യവസായ ചർച്ചകൾ, ഗവേഷകരുമായി സംവാദങ്ങൾ എന്നിവ ഉണ്ടായിരിക്കും. പ്രോ വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ്, ഡോ. നന്ദകുമാർ കളരിക്കൽ എന്നിവർ നേതൃത്വം നൽകും. വിവരങ്ങൾക്ക് ഫോൺ: 9847820197.

## റിസർച്ച് സ്റ്റാഫ് ഒഴിവ്

മഹാത്മാഗാന്ധി സർവ്വകലാശാലയിലെ അഡ്വാൻസ്ഡ് മോളിക്യുലാർ മെറ്റീരിയൽസ് റിസർച്ച് സെന്ററിൽ കരാർ വ്യവസ്ഥയിൽ ഒരു വർഷത്തേക്ക് ഒരു റിസർച്ച് സ്റ്റാഫിന്റെ (പട്ടികജാതി സംവരണം) ഒഴിവുണ്ട്. യോഗ്യത കെമിസ്ട്രിയിൽ പി.എച്ച്.ഡി. ബിരുദം. ഇൻ ഓർഗാനിക്/മെറ്റീരിയൽ കെമിസ്ട്രിയിൽ പോസ്റ്റ് ഡോക്ടറൽ പ്രവൃത്തിപരിചയം അഭിലഷണീയം. പ്രതിമാസ വേതനം 25000 രൂപ. വെള്ളപേപ്പറിൽ തയ്യാറാക്കിയ അപേക്ഷയും വിശദമായ ബയോഡാറ്റയും ഡെപ്യൂട്ടി രജിസ്ട്രാർ III (ഭരണവിഭാഗം), മഹാത്മാഗാന്ധി സർവ്വകലാശാല, പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686560 എന്ന വിലാസത്തിൽ മാർച്ച് 16നകം സമർപ്പിക്കണം. വിശദവിവരങ്ങൾ www.mgu.ac.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

## എം.ജി.യിൽ വനിതാ ദിനാഘോഷം

മഹാത്മാഗാന്ധി സർവ്വകലാശാലാ ഡിപ്പാർട്ട്മെന്റ് ഓഫ് ലൈഫ്ലോംഗ് ലേണിംഗ്, നാഷണൽ സർവ്വീസ് സ്കീം, അമലഗിരി ബി.കെ. കോളേജ് എന്നിവയുടെ ആഭിമുഖ്യത്തിൽ സർവ്വകലാശാലാ കാമ്പസിൽ അന്താരാഷ്ട്ര വനിതാദിനാഘോഷം നടത്തി. ഇതോടനുബന്ധിച്ച് നടത്തിയ സമ്മേളനം സർവ്വകലാശാലാ രജിസ്ട്രാർ എം.ആർ. ഉണ്ണി ഉദ്ഘാടനം ചെയ്തു. വനിതാ ഫോറം പ്രസിഡന്റ് മേബിൾ സാം അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ എൻ.എസ്.എസ്. പ്രോഗ്രാം കോർഡിനേറ്റർ ഡോ. സന്തോഷ് പി. തമ്പി, ഡിപ്പാർട്ട്മെന്റ് ഓഫ് ലൈഫ്ലോംഗ് ലേണിംഗ് മേധാവി മഞ്ജുഷ കെ.എ., റിൻസിമോൾ മാത്യു, വനിതാ ഫോറം സെക്രട്ടറി സഹീറ, ലിജി മാത്യു, അമലഗിരി കോളേജ് എൻ.എസ്.എസ്. പ്രോഗ്രാം കോർഡിനേറ്റർ ദിയ എന്നിവർ സംസാരിച്ചു. ബി.കെ. കോളേജ് വിദ്യാർത്ഥിനികളുടെ നേതൃത്വത്തിൽ സർവ്വകലാശാലാ കവാടത്തിൽ നിന്നും റാലി, സ്ത്രീ ശാക്തീകരണം/അവകാശ സംരക്ഷണം എന്നിവ സംബന്ധിച്ച തെരുവുനാടകം, ഫ്ളാഷ് മോബ് എന്നിവയും സംഘടിപ്പിച്ചു.

**അടിക്കുറിപ്പ്**

**മഹാത്മാഗാന്ധി സർവ്വകലാശാലയിൽ അന്താരാഷ്ട്ര വനിതാദിനാഘോഷത്തിന്റെ ഭാഗമായി നടത്തിയ സമ്മേളനം രജിസ്ട്രാർ എം.ആർ. ഉണ്ണി ഉദ്ഘാടനം ചെയ്ത് സംസാരിക്കുന്നു**

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**